**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.769** 09/08/2017-ൽ മറുപടിയ്ക്ക്

# പട്ടികവർഗ്ഗക്കാർക്ക് ആധുനിക തൊഴിൽ അവസരങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. സി.എഫ്. തോമസ്**<br>**" മോൻസ് ജോസഫ്**<br>**ഡോ. എൻ. ജയരാജ് :** | | **ശ്രീ. എ. കെ. ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ ക്കാർക്ക് ആധുനിക തൊഴിൽ മേഖലകളിലുണ്ടാകുന്ന തൊഴിൽ അവസരങ്ങൾ സ്വായത്തമാക്കു ന്നതിന് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദ മാക്കാമോ; | (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗത്തിൽപ്പെട്ട് യുവജനങ്ങൾക്കായി സ്വയംതൊഴിലിനും വൈദഗ്ദ്ധ്യ പരിശീലനത്തിനുമുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു ആയതിന് **"പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം"** എന്ന ശീർഷകം നിലവിലുണ്ട്. കൂടാതെ കോർപ്പസ് ഫണ്ട്, പൂൾ ഫണ്ട്, ആർട്ടിക്കിൾ 275(1), എസ്.സി.എ ടു ടി.എസ്.പി., എന്നീ പദ്ധതികളി ലുൾപ്പെടുത്തി നൈപുണ്യ വികസനപദ്ധതികളും സംരംഭകത്വ വികസന പരിപാടികളും നടപ്പിലാക്കി വരുന്നു.<br><br>• നിശ്ചിത കോഴ്സുകളിൽ അടിസ്ഥാന വിദ്യാഭ്യാസം കൈവരിക്കുന്നതുകൊണ്ടു മാത്രം പട്ടികവർഗ്ഗക്കാർക്ക് ജോലി ലഭിക്കുന്നതിനുള്ള സാധ്യത കുറവാണെന്ന് കണ്ടെത്തിയതിനെ ത്തുടർന്ന് വകുപ്പ് കേരളത്തിനകത്തും പുറത്തുമുള്ള തൊഴിൽ നൈപുണ്യ പരിശീലന കേന്ദ്രങ്ങളുമായി സഹകരിച്ച് വിദഗ്ദ്ധ പരിശീലനം നല്കി സംസ്ഥാനത്തിനകത്തും പുറത്തും ജോലി ഉറപ്പാക്കുന്ന പരിപാടികളാണ് സംഘടിപ്പിച്ചു വരുന്നത്. പ്രസ്തുത പരിപാടികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>• വകുപ്പിനുകീഴിലുള്ള പരിശീലന കേന്ദ്രങ്ങൾ, ഐ.ടി.ഐ എന്നിവ വഴിയും സർക്കാർ ഇതര സ്ഥാപനങ്ങൾ വഴിയും തൊഴിൽ നൈപുണ്യ വികസനം ഉറപ്പാക്കി വരുന്നു.<br><br>• 2016-17 വർഷം മുതൽ **ഗോത്രജീവിക** എന്ന പദ്ധതി പ്രകാരം 1140 തൊഴിൽ രഹിതരെ കണ്ടെത്തി അവർക്ക് 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നല്കി |

| | | | |
|---|---|---|---|
| | | | പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനും ആയത് പ്രവർത്തന ക്ഷമമാകുന്നതുവരെയുള്ള സഹായം നല്കുന്നതിനായി 334 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു.<br><br>കൂടാതെ താഴെപ്പറയുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലനം നല്കി സ്വകാര്യ സ്ഥാപനങ്ങളിൽ പ്ലെയിസ്മെന്റ് ഉറപ്പുവരുത്തിയിട്ടുണ്ട്.<br><br>1. നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ.<br>2. സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി<br>3. ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്.<br>4. എത്തിയോസ്.<br><br>ഇതിനുപുറമെ പരമ്പരാഗത കാർഷിക മേഖലയിൽ തൊഴിൽ നല്കുന്നതിനായി ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. മിൽമ<br>2. കുടുംബശ്രീ<br>3. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്.<br><br>കൂടാതെ സംഘങ്ങൾ വഴി സ്വയം തൊഴിൽ പരിപോഷിപ്പിക്കുന്നതിനായി ഗദ്ദിക പോലുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. |
| (ബി) | പ്രസ്തുത ലക്ഷ്യം മുൻനിറുത്തി എസ്.സി.എ ട്ടു ടി.എസ്.പി., ആർട്ടിക്കിൾ 275(1), എ.ടി.എസ്.പി., കോർപ്പസ് ഫണ്ട് എന്നീ പദ്ധതികൾ വഴി എന്തെല്ലാം തൊഴിൽദായക പദ്ധതികൾ ഇതിനോടകം നടപ്പിലാക്കിയെന്ന് വ്യക്തമാക്കാമോ? | (ബി) | **ആർട്ടിക്കിൾ 275(1) പ്രകാരം നടപ്പിലാക്കിയ തൊഴിൽദായക പദ്ധതികൾ**<br><br>1. തയ്യൽ യൂണിറ്റുകൾ<br>2. വയറിംഗ്<br>3. പി.എസ്.സി. പരിശീലനം<br>4. ഫാഷൻ ഡിസൈനിംഗിൽ പരിശീലനം നല്കി പുതിയ തയ്യൽ ജോലികൾ<br>5. സിവിൽ ആർക്കിടെക്ചർ ഡ്രാഫ്റ്റിംഗ് ലാന്റ് സർവ്വേ കോഴ്സിൽ പരിശീലനം നല്കി ആധുനിക തൊഴിൽ സമ്പാദനം<br>6. ചെറുകിട വ്യാപാരം |

| | | | |
|---|---|---|---|
| | | | **കോർപ്പസ് ഫണ്ട്**<br>1. കട നിർമ്മാണം<br>2. ബേക്കറി<br>3. തുണിക്കട<br>4. കോഫീഷോപ്പ്<br>5. പെട്ടിക്കടകൾ<br>6. കന്നുകാലി വളർത്തൽ<br>7. ജില്ലാ അടിസ്ഥാനത്തിൽ സഹായി സെന്ററുകൾ നടത്തിപ്പിന്<br>**എസ്.സി.എ ടു ടി.എസ്.പി., നടപ്പിലാക്കി തൊഴിൽദായക പദ്ധതികൾ**<br>1. യന്ത്രവല്കൃത കോൺക്രീറ്റ് കട്ടിംഗ്<br>2. യന്ത്രവൽകൃത കൃഷി<br>3. ഗാർമെന്റ് ആന്റ് ടെയിലറിംഗ് യൂണിറ്റ്<br>4. ഡയറി ഡവലപ്പ്മെന്റ് യൂണിറ്റ്<br>5. ഫോട്ടോസ്റ്റാറ്റ് മെഷീൻ<br>6. ലൈറ്റ് മോട്ടോർ ഡ്രൈവിംഗ്<br>7. ഹെവി മോട്ടോർ ഡ്രൈവിംഗ്<br>8. കയർ ഉത്പാദനം<br>9. ഫാഷൻ ടെകനോളജി<br>10. കമ്പ്യൂട്ടർ ട്രെയിനിംഗ് മെഴുകുതിരി നിർമ്മാണം<br>11. മെഴുകിതിരി നിർമ്മാണം<br>12. കരകൗശല ഉൽപ്പന്നങ്ങൾ<br>13. ഫർണിച്ചർ ഉത്പാദനം |

സെക്ഷൻ ഓഫീസർ